# ഗുരുദേവാ ഹൈസ്ക്കൂൾ


# പിറവന്തൂർ

## അക്കാദമിക  മാസ്റ്റർ പ്ലാൻ

## 2025-2026

# സന്ദേശം

കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ വിപ്ലവകരമായ ഒരു മാറ്റത്തിന് നാന്ദി കുറിച്ചു കൊണ്ട് പൊതു വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സർക്കാർ നടത്തുന്ന വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് പൊതുസമൂഹം എല്ലാ വിധ പിന്തുണയും നൽ കേണ്ടതാണ്. സാധാരണക്കാരന്റെ കുട്ടികൾക്കു പോലും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൂതന സാങ്കേതിക വിദ്യയിലൂടെ കരഗതമാകുന്നതോടെ കേരളത്തിന്റെ പൊതു വിദ്യാഭ്യാസ രംഗത്തുണ്ടാകുന്ന മാറ്റം കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ നാഴികക്കല്ലായി നിലകൊള്ളും. പിറവന്തൂരിന്റെ തിലകക്കുറിയായി മാറിയ ഗുരുദേവ എച്ച്.എസ്സി ന്റെ അക്കാദമിക മാസ്റ്റർ പ്ലാനിന് എല്ലാവിധ പിന്തുണയും പ്രതീക്ഷിച്ച് കൊണ്ട് പൊതുജന സമക്ഷം സമർപ്പിക്കുന്നു.




**ശ്രീ. അജയൻ പി**
**(പി.റ്റി.എ പ്രസിഡന്റ്)**

**ശ്രീമതി ദീബ . വി**
**(എച്ച്.എം)**






## ഉള്ളടക്കം

1. ആമുഖം
2. അടിസ്ഥാന വിവരങ്ങൾ
3. ലക്ഷ്യങ്ങൾ
4. വിദ്യാലയത്തിന്റെ ലഘു ചരിത്രം
5. വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
6. പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ
7. നിലവിലെ അവസ്ഥാ വിശകലനം
8. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
9. പദ്ധതി വിശദാംശങ്ങൾ
10. പ്രതീക്ഷിത നേട്ടങ്ങൾ
11. മോണിറ്ററിംഗ്
12. ഉപസംഹാരം

## അനുബന്ധങ്ങൾ

1. പ്രവർത്തന റിപ്പോർട്ട്   2024-25
2. സ്കൂൾ പ്ലാൻ
3. എസ്.എസ്.എൽ.സി വിജയശതമാനം
4. കുട്ടികളുടെ എണ്ണം
5. വിദ്യാലയ പ്രവർത്തന സംവിധാനങ്ങൾ
6. പിന്തുണ സംവിധാനങ്ങൾ
7. വാർഷിക കലണ്ടർ
8. നിലവിലെ കമ്മിറ്റി അംഗങ്ങൾ

## I. ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ മേഖലയിൽ നവചൈതന്യം സൃഷ്ടിച്ചിരിക്കുന്നു. വിദ്യാലയങ്ങളുടെ സൗകര്യമുയർത്തുന്ന പദ്ധതികൾ ആരംഭിച്ചിരിക്കുന്ന ഈയവസരത്തിൽ സമൂഹ പങ്കാളിത്തത്തോടെ വലിയ തോതിൽ വിവധങ്ങളായ പ്രവർത്തനങ്ങൾ വിദ്യാലയത്തിന്റെ സർവതോന്മുഖമായ പുരോഗതിക്ക് ആസൂത്രണം ചെയ്യേണ്ടതുണ്ട്. ജൈവ വൈവിധ്യ ഉദ്യാനം, ഹൈടെക് വിദ്യാഭ്യാസം, ക്ലാസ് ലൈബ്രറി, ഗുണനിലവാരമുയർത്തുന്നതിനായി ആവിഷ്കരിക്കപ്പെട്ട മലയാളിത്തിളക്കം പോലുള്ള പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പാക്കി വരുന്നു. വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊണ്ടു മാത്രമേ അന്താരാഷ്ട്രനിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കാനാകൂ. ഒരു വിദ്യാഭ്യാസ സ്ഥാപനം ഭാവിയിൽ എങ്ങനെയായിത്തീരുമെന്ന് വിഭാവനം ചെയ്ത് അതിനായി ഏറ്റെടുക്കുന്ന അക്കാദമിക ദൗത്യത്തെ വിവരിക്കുന്ന രേഖയാണ് മാസ്റ്റർ പ്ലാൻ.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്ഥാപിതം | : | 1964 |
| സ്കൂൾ കോഡ് | : | 40008 |
| സ്ഥലം | : | പിറവന്തൂർ |
| സ്കൂൾ വിലാസം | : | ഗുരുദേവാ ഹൈസ്കൂൾ, പിറവന്തൂർ |
| പിൻകോഡ് | : | 689696 |
| സ്കൂൾ ഫോൺ | : | 0475 2371222 |
| സ്കൂൾ ഇ മെയിൽ | : | 40008gdhs@gmail.com |
| സ്കൂൾ വെബ്സൈറ്റ് | : | https://schools.org.in/kollam/32131000308/gurudeva-high-school-piravanthoor |
| വിദ്യാഭ്യാസ ജില്ല | : | പുനലൂർ |
| റവന്യൂ ജില്ല | : | കൊല്ലം |
| ഭരണ വിഭാഗം | : | എയ്ഡഡ് |
| സ്കൂൾ വിഭാഗം | : | പൊതു വിദ്യാലയം |
| പഠന വിഭാഗങ്ങൾ | : | ഹൈസ്കൂൾ |
| ആകെ കുട്ടികൾ | : | 185 |
| അധ്യാപകരുടെ എണ്ണം | : | 9 |
| അനധ്യാപകരുടെ എണ്ണം | : | 2 |
| പ്രധാന അധ്യാപിക | : | ദീബ വി |
| പി.ടി.എ പ്രസിഡന്റ് | : | അജയൻ പി |

| ക്ലാസുകൾ | ഡിവിഷനുകളുടെ എണ്ണം | |
|---|---|---|
| | മലയാളം മാധ്യമം | ഇംഗ്ലീഷ് മാധ്യമം |
| സ്റ്റാൻഡേർഡ് 8 | 1 | 1 |
| സ്റ്റാൻഡേർഡ് 9 | 1 | 1 |
| സ്റ്റാൻഡേർഡ് 10 | 1 | 1 |

ആകെ ഡിവിഷനുകൾ - 6

# GURUDEVA H.S, PIRAVANTHOOR 5

## STAFF DETAILS 2025-2026

| Sl. No | Name | Designation | Mob. No |
|---|---|---|---|
| 1 | Deeba V | H.M | 9496851551 |
| 2 | Sugadanandan B | HSA (NS) | 9605363364 |
| 3 | Shebi Y | HSA (PS) | 9447802275 |
| 4 | Sunil S | HSA (Hindi) | 9048418828 |
| 5 | Priya Dharman | HSA (Malayalam) | 9747124844 |
| 6 | Smitha Raj | HSA (English) | 9495522766 |
| 7 | Litty. M. Lukose | HSA (Skt) | 9995027129 |
| 8 | Dhanya Surendran | HSA (Malayalam) | 6238009979 |
| 9 | Arun U | HSA (SS) | 9526905706 |
| 10 | Vinesh G | Clerk | 9447716753 |
| 11 | Jayan P | OA | 9495371818 |

| അനുബന്ധം. III | | | | |
|---|---|---|---|---|
| **എസ്സ്.എസ്സ്.എൽ.സി വിജയ ശതമാനം മുൻ വർഷങ്ങളിൽ** | | | | |
| **വർഷം** | **പരീക്ഷ എഴുതിയവർ** | **പരീക്ഷ പാസായവർ** | **എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡു ലഭിച്ചവർ** | **വിജയശതമാനം** |
| 2022 | 78 | 78 | 6 | 100 |
| 2023 | 71 | 71 | 14 | 100 |
| 2024 | 66 | 66 | 15 | 100 |
| 2025 | 72 | 72 | 7 | 100 |
| | | | | |
| | | | | |

I. **ലക്ഷ്യങ്ങൾ**

- മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.
- അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പദ്ധതികൾക്ക് പശ്ചാത്തല സൗകര്യം ആസൂത്രണം ചെയ്യണം.
- ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
- അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
- ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.
- എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗ്ഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ, പഠനോപകരണങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- ക്ലാസ്സ് മുറികളിൽ ഐ.സി.ടി അധിഷ്ഠിത ക്ലാസ്സുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.
- കലാ കായിക പ്രവൃത്തി പരിചയ മികവ് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ സഹായം പാഠ്യ പദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
- സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ എന്നിവ ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാക്കും.
- ലഘുപഠനയാത്രകൾ, പഠനക്ലാസുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തണം.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.
- മദ്യപാനം, മയക്കു മരുന്ന്, എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തും.
- പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത ലഹരി മുക്ത വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കും.
- ജനകീയ പങ്കാളിത്തത്തോടെ വിദ്യാഭ്യാസം അർത്ഥപൂർണ്ണമാക്കും.
- ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം സ്കൂളിൽ നടപ്പാക്കും.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കും.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കും.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.
- സ്കൂൾ തലത്തിലുള്ള വിവിധ സഹായ സംവിധാനങ്ങളെ ഫലപ്രദമായി അക്കാദമികവും ഭൗതികവും സാമൂഹികവുമായ വളർച്ചയ്ക്ക് ഒരുക്കുന്ന വിധം പ്രയോജനപ്പെടുത്തും.
- എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നതിനും വായനാനുഭവങ്ങൾ വിവധ രീതിയിൽ പങ്കിടുന്നതിന് അവസരമൊരുക്കും.
- പ്രാദേശികമായി വായന സാമഗ്രികൾ രൂപപ്പെടുത്തുക.
- വായനയ്ക്കൊരു വാർഷിക പദ്ധതി രൂപപ്പെടുത്തണം.
- വായന മുറിയിലോ ക്ലാസ് മുറിയിലോ പത്രങ്ങൾ വായിക്കാനവസരം ഒരുക്കണം.

- പുസ്തക ചർച്ച സംഘടിപ്പിക്കുകയും വായിച്ച പുസ്തകങ്ങളെ ആധാരമാക്കിയുള്ള ആവിഷ്കാരങ്ങൾ രൂപീകരിക്കുന്നതിനും അവസരം ഒരുക്കണം.
- എല്ലാ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി മൂന്ന ഭാഷകളിൽ അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തി നേടണം.
- സ്കൂൾ പഠനം പൂർത്തിയാകുമ്പോഴേക്കും മുഴുവൻ കുട്ടികളും ഫലപ്രദമായ ആശയവിനിമയത്തിനുതകുന്ന വിധം ഭാഷയിലെ വിവിധ സങ്കേതങ്ങൾ ഉപയോഗിക്കുന്നതിന് പ്രാപ്തരാകണം.
- സമയാ സമയങ്ങളിൽ ആശയ പ്രകടനത്തിനും, ആവിഷ്കാരത്തിനുമുള്ള വൈവിധ്യമാർന്ന അവസരങ്ങളൊരുക്കൽ.
- ആരോഗ്യമുള്ള ഹൃദയത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. പഠന മികവിന് ആരോഗ്യവും - ശുചിത്വവും അത്യന്താപേക്ഷിതമാണെന്ന ബോധത്തിലേക്ക് എത്തിച്ചേരുക.
- ഇംഗ്ലീഷ്, മലയാളം, ഹിന്ദി തുടങ്ങിയ ഭാഷാ വിഷയങ്ങൾ പ്രയോഗിക്കുന്നതിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് .
- സമൂഹത്തിൽ മാതൃകാപരമായ ജീവിതം നയിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
- വിദ്യാർത്ഥികളുടെ കുടുംബ പശ്ചാത്തലം സാമൂഹ്യ - സാമ്പത്തിക സ്ഥിതി മനസ്സിലാക്കി അവരുടെ മാനസിക പിരിമുറുക്കത്തിന് ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണുക.
- വിദ്യാർത്ഥികൾ പരസ്പര സ്നേഹം, സഹകരണം, രാജ്യസ്നേഹം എന്നിവ വളർത്തുക.
- സമൂഹത്തിലെ ഉത്തമ പൗരന്മാരായി ഇന്നത്തെ തലമുറയെ മാറ്റിയെടുക്കുക എന്നുള്ള മഹത്തായ ലക്ഷ്യം നിറവേറ്റുക എന്നതാണ് ഈ പരിപാടി കൊണ്ടുദ്ദേശിക്കുന്നത്.

# ഗുരുദേവാ ഹൈസ്കൂൾ പിറവന്തൂർ

# (ചരിത്രം)

കൊല്ലത്തിന്റെ കിഴക്കൻ മലയോര പ്രദേശമായ പത്തനാപുരം താലൂക്കിൽ ശുക്കപാലത്തിന്റെ നാടായ പുനലൂരിനോടു ചേർന്നുള്ള പിറവന്തൂർ ഗ്രാമത്തിൽ ശ്രീനാരായണ ഗുരുദേവന്റെ സ്മരണയിൽ 1964 ൽ ഗുരുദേവാ ഹൈസ്കൂൾ സ്ഥാപിതമായി. യശശരീരനായ മുൻ കേരള മുഖ്യമന്ത്രി ആർ ശങ്കറിന്റെ അനുഗ്രഹാശിസ്സുകളോടെ പിറവന്തൂർ ഉണ്ണിമംഗലത്ത് വീട്ടിൽ കേശവൻ കുഞ്ഞ് കുഞ്ഞ് അവർകൾ സ്ഥാപിച്ച ഈ വിദ്യാലയം പിറവന്തൂരിന്റെ പുരോഗമന ചരിത്രത്തിൽ എഴുതി ചേർത്ത വിസ്മയങ്ങളെ ആദരപൂർവ്വം സ്മരിക്കുന്നു.

1964 ൽ 8–ാം ക്ലാസിൽ മൂന്നു ഡിവിഷനുകളിലായി 110 കുട്ടികളുമായി പ്രവർത്തനം ആരംഭിച്ചു. തുടർന്നുള്ള വർഷങ്ങളിൽ 9, 10 ക്ലാസുകൾ ആരംഭിച്ച് 1966 – 67 ൽ പൂർണ്ണ ഹൈസ്കൂളായി. കെ. ശ്രീധരൻപിള്ള സാറായിരുന്നു ആദ്യത്തെ പ്രധാനാദ്ധ്യാപകൻ. ശ്രീമതി. സുമതിയമ്മ, ശ്രീ. ചാക്കോ. പി, ശ്രീ. രാജേന്ദ്രൻ. റ്റി. ആർ, ശ്രീമതി. റേച്ചൽ ഈപ്പൻ, ശ്രീ. വിദ്യാധരൻ എന്നിവർ ആദ്യ അദ്ധ്യാപകരും ശ്രീ. എ.കെ. പ്രഭാകരൻ ആദ്യ ഓഫീസ് ജീവനക്കാരനും ആയിരുന്നു. കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലായിരുന്ന ഈ സ്കൂൾ ഇപ്പോൾ പുനലൂർ വിദ്യാഭ്യാസ ജില്ലയാണ്. പിറവന്തൂർ പ്രദേശത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലങ്ങളിൽ എന്നും നിറഞ്ഞു നിൽക്കുന്ന ഗുരുദേവാ ഹൈസ്കൂൾ 2024– 2025 വർഷം വജ്ര ജൂബിലി ആഘോഷിച്ചു.

വിവിധ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച അനേകരുടെ വഴി കാട്ടിയാണ് ഈ വിദ്യാലയം. ഇംഗ്ലീഷ് - മലയാളം മീഡിയങ്ങളിലായി 6 ഡിവിഷനുകളിൽ 200 ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നു. പ്രഥമാദ്ധ്യാപികയ്ക്ക് പുറമെ 8 അദ്ധ്യാപകരും 2 അനദ്ധ്യാപകരുമായി പുനലൂർ വിദ്യാഭ്യാസ ജില്ലയിലെ മികച്ച സ്കൂളുകളിലൊന്നായി പ്രവർത്തിച്ചു വരുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിലെ (2023 – 24, 2024 – 25) SSLC പരീക്ഷയിൽ 100% വിജയം വാങ്ങിയത് സ്കൂളിന്റെ പ്രവർത്തന മികവിന് പൊൻതൂവൽ ചാർത്തുന്നതാണ്. 2018 മുതൽ തുടർച്ചയായി എല്ലാ വർഷവും 100% വിജയം കരസ്ഥമാക്കാൻ കഴിഞ്ഞു. ഈ ബഹുമതിയും മികവും നിലനിർത്തിക്കൊണ്ട് കൂടുതൽ ഉന്നതിയിലേക്ക് എത്താനുള്ള പ്രയാണത്തിലാണ് ഞങ്ങൾ......................................

## IV കാഴ്ചപ്പാട്

### വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

1. ' മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം ' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും ' വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് ' എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ – പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്ല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
5. ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.
6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യൻ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.
7. കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും കാർഷികവും സർഗ്ഗാത്മകവുമായ പാരസ്പര്യം കാത്തു സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹ സൃഷ്ടിക്കും ഉതകും വിധം എല്ലാ കുട്ടികൾക്കും വൈവിധ്യമാർന്ന അനുഭവമൊരുക്കാൻ കഴിയുക.
8. വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
9. വിദ്യാലയത്തിന്റെ സമസ്ത മേഖലകളിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കുക.
10. കുട്ടികളുടെ അവകാശങ്ങളും വിദ്യാഭ്യാസ അവകാശ നിയമവും പരിപൂർണ്ണമായി നടപ്പാക്കുന്ന ഒരു വിദ്യാലയമായി മാറ്റുക.
11. ' പ്രകൃതി തന്നെ പാഠപുസ്തകം ' എന്ന ദർശനം ഉൾക്കൊള്ളുന്ന പാഠ്യ പദ്ധതി രൂപപ്പെടുത്തുക.

## V. പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

- SRG യോഗത്തിൽ ' ഗുരുദേവ ഹൈസ്കൂൾ എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും '
- വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
- കരട് രൂപരേഖ SRG, PTA, MPTA ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
- ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾക്കൂട്ടിച്ചേർക്കൽ
- പി.റ്റി,എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ.

## VI. നിലവിലെ അവസ്ഥാ വിശകലനം

**ഭൗതികം – നേട്ടങ്ങൾ**

- ➔ പാചകപ്പുര (സർക്കാർ ഫണ്ട്)
- ➔ പ്രധാന ഗേറ്റ് (സ്റ്റാഫ് 2015-16)
- ➔ ടോയ്ലറ്റ് (കെ.ബി. ഗണേഷ് കുമാർ, എം.എൽ.എ, പ്രാദേശിക വികസന ഫണ്ട് 2010-11)

വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായ ഫണ്ട് ഉപയോഗിച്ച് പാചകപ്പുര പണികഴിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ കെ.ബി. ഗണേഷ് കുമാറിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുള്ള തുക കൊണ്ട് പെൺകുട്ടികളുടെ ടോയ്ലറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. സ്കൂളിലെ സ്റ്റാഫുകളുടെ സാമ്പത്തിക സഹായത്താൽ നിർമ്മിച്ച പ്രധാന ഗേറ്റും ഭൗതിക നേട്ടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നു.

### 1. ഭൗതികം – പരിമിതികൾ

കെട്ടിടങ്ങൾ ഇല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. ഓഡിറ്റോറിയം നിലവിലില്ല. വാഹനഷെഡ് നിർമ്മിക്കേണ്ടതുണ്ട്. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലത്തെ പുനർനിർമ്മിക്കേണ്ടതുണ്ട്.

### 2. അക്കാദമികം – നേട്ടങ്ങൾ

തുടർച്ചയായി (മാർച്ച് 2025 വരെ) എസ്.എസ്.എൽ.സി പരീക്ഷയിൽ സ്തുത്യർഹമായ നേട്ടം നിലനിർത്തി വരുന്നു. Little Kites, JRC, Scout & Guide യൂണിറ്റുകൾ, വിവിധ ക്ലാസുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വിവധ മത്സര പരീക്ഷകളിലും കലോത്സവ വേദികളിലും കുട്ടികൾ നല്ല പ്രകടനങ്ങൾ കാഴ്ച വച്ച് വരുന്നു.

**വായന ശീലം**

പാഠ പുസ്തകത്തിനു പുറമേ ഒരു പുസ്തകമെങ്കിലും ആഴ്ചയിൽ വായിച്ചിരിക്കണം. ആവശ്യമായ കുട്ടികൾക്ക് പത്രം വീട്ടിൽ കൊണ്ടു പോയി വായിക്കാൻ അവസരം.

ഫാനും ലൈറ്റുമുള്ള കമനീയമായ ക്ലാസ് മുറികൾ ഒഴിവു സമയങ്ങളിൽ റീഡിംഗ് റൂമായി ഉപയോഗിക്കുന്നു. Library യിൽ നിന്നും ഓരോ ക്ലാസിലേക്കും ആവശ്യമായ പുസ്തകങ്ങൾ library റ്റീച്ചറിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യുന്നു.

വായിച്ച പുസ്തകങ്ങളിലെ ആകർഷണീയമായ ഭാഗങ്ങൾ കൂട്ടുകാരുമായി പങ്കു വയ്ക്കൽ, വായനക്കുറിപ്പ് കൈമാറി വായിക്കൽ ഇവ library periods – ൽ നടക്കുന്നു. പുസ്തക കൈമാറ്റത്തിന് ഓരോ ക്ലാസിലും രജിസ്റ്റർ - ഒരു കുട്ടിക്ക് വേണ്ടി രജിസ്റ്ററിലെ ഒരു പേജ്.

സർഗവേളയിൽ കുട്ടികളുടെ അഭിരുചികൾ അറിഞ്ഞ് അവയെ പ്രോത്സാഹിപ്പിക്കാനും അവ സ്റ്റേജിൽ അവതരിപ്പിക്കാനുമുള്ള അവസരം കണ്ടെത്തുന്നു.

**കുട്ടിക്കൊരു പുസ്തകം പദ്ധതി – library സംവിധാനം പ്രാവർത്തികമാക്കുന്നു.**

**വ്യക്തിത്വ വികാസം സർഗാത്മക വികാസം**

പഠന സമയം നഷ്ടപ്പെടുത്താതെ അവധി ദിനങ്ങളിൽ കുട്ടികളുടെ സമഗ്ര വികസനത്തിനായി കുട്ടികളുടെ താല്പര്യം അനുസരിച്ച് പ്രസംഗം, നാടൻ പാട്ട്, സർഗ്ഗ രചന, കയ്യെഴുത്ത് മാസിക, പ്രകൃതി സംരക്ഷണം, ജൈവ വൈവിധ്യ ഉദ്യാനം, ഫോറസ്റ്റി ക്ലബ്, സംഗീതം, ചിത്ര രചന, ഫസ്റ്റ് എയിഡ് അറിയേണ്ടതെല്ലാം, ലഹരി വിരുദ്ധ ജീവിതം കൈവരിക്കുന്നതിന് സമയം കണ്ടെത്തുന്നു. ആശയ വിനിമയ ശേഷി വികാസം. ഫലപ്രദമായ ആശയ വിനിമയം ഭാഷാ ക്ലബ്ബിലൂടെ നടത്തുന്നു.

കുട്ടികളുടെ സർഗ്ഗശേഷി വളർത്താനും അവരിലെ നന്മയും പുത്തൻ ചിന്തകളും തിരിച്ചറിയാനും അവസരം. കുട്ടികളുടെ ആത്മവിശ്വാസവും കൂട്ടായ്മയും വളർത്താൻ സാധിക്കുന്നു. ഭാഷാ ക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ ഭാഷകളിലുമുള്ള അസംബ്ലി. പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ പഠനപിന്നാക്കാവസ്ഥക്കുള്ള പരിഹാര ബോധനം.

മൂന്ന് ഭാഷകളിലും എഴുതാനും വായിക്കാനും സാധിക്കാത്ത കുട്ടികളെ, ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പൊതു ഹരണിയിലെത്തിക്കുന്നതിനായി സ്കൂൾ തുറന്നു വരുന്ന ആദ്യത്തെ രണ്ടാഴ്ചയ്ക്കകം കണ്ടെത്തി എല്ലാ ദിവസവും ഒരു മണിക്കൂർ പരിഹാര പ്രവർത്തനം നൽകി വരുന്നത് ഈ സ്കൂളിന്റെ ഒരു പ്രത്യേകതയാണ്.

പ്രതിഭാ പോഷണം പദ്ധതി – Scholarship പരിരക്ഷാ പരിശീലനം (NMMS)
ഇവിടുത്തെ അദ്ധ്യാപകരുടെ നേതൃത്വത്തിൽ Scholarship ന് യോഗ്യരായ കുട്ടികളെ പരിശീലിപ്പിക്കാനുള്ള അവസരം. സമീപ വിദ്യാലയങ്ങളിലെ കുട്ടികൾക്കും അവസരം. സമീപ വിദ്യാലയങ്ങളിലെ അധ്യാപകരുടെ സേവനം.

**ദിനാചരണങ്ങൾ**

ദേശീയ ദിനാഘോഷങ്ങൾ ജനപ്രതിനിധികളുടേയും രക്ഷിതാക്കളുടേയും നിറ സാന്നിധ്യത്തിൽ. അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും കുട്ടികളുടേയും പൂർണ്ണ പങ്കാളിത്തം. Guide, Scout, JRC, Little Kites കുട്ടികളുടെ സേവനം.

**ജനാധിപത്യ നേതൃത്വ പരിശീലനം**

പൊതു തെരഞ്ഞെടുപ്പിന്റെ രീതിയിൽ School parliament. School parliament തെരഞ്ഞെടുപ്പ് പൊതു തെരഞ്ഞെടുപ്പിന്റെ പ്രക്രിയകൾ എന്തെല്ലാമെന്നും എങ്ങനെയെന്നും ബോധ്യപ്പെടുന്ന രീതിയിൽ.

* 9 മണി മുതലുള്ള രാവിലത്തെ ക്ലാസ്സുകൾ
* Night Classes
* ജനവരി മുതൽ 10 - ാം ക്ലാസ്സിന് വൈകിട്ട് 3.20 മുതൽ 5.20 വരെയുള്ള സമയങ്ങളിൽ പ്രത്യേകം ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. ഇടയ്ക്ക് ഒരു refreshment നടത്തുന്നു.
* പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി ക്ലാസുകൾ എടുത്തു വരുന്നു.

3. **അക്കാദമികം – പരിമിതികൾ**

സ്കൂൾ ഗ്രന്ഥശാല നവീകരണം. ലബോറട്ടറികൾ ആധുനികവൽക്കരിക്കണം. ക്ലാസ് ലൈബ്രറികൾ വിപുലപ്പെടുത്തണം.

**PTA** – ശ്രീ. അജയൻ പി (പി.ടി.എ പ്രസിഡന്റ്), ശ്രീമതി. ഗീതു ആർ നായർ (എം പി.ടി.എ പ്രസിഡന്റ്) ശ്രീമതി. സീന (വൈസ്. പ്രസ്ഡന്റ്) 20 അംഗ എക്സിക്യൂട്ടീവ് ഉൾപ്പെടുന്ന ഒരു ശക്തമായ പി.ടി.എ സംവിധാനം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സ്കൂളിന്റെ എല്ലാ വിധ പ്രവർത്തനങ്ങൾക്കും നിറ സാന്നിധ്യമായി പി.ടി.എ ഒപ്പമുണ്ട്.

## പ്രവർത്തന പരിപാടികൾ

**1. സമ്പൂർണ്ണ ശുചിത്വം, ആരോഗ്യ പരിപാലനം**

വീട്ടും പരിസരവും, സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിനാവശ്യമായ ബോധവൽക്കരണം, ശുചീകര പ്രവർത്തനങ്ങൾ, പഞ്ചായത്ത് – ആരോഗ്യ വകുപ്പ് എന്നിവയേക്കൂടി സഹകരിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സെമിനാറുകൾ, രണ്ട് ആഴ്ചയിൽ ഒരു ദിവസം ഡ്രൈഡേ ആചരണം. പരിസരം വൃത്തിയാക്കൽ.

**2. ഭാഷാ പരിജ്ഞാന സഹായം**

സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ 7-ാം ക്ലാസ് കഴിഞ്ഞാലും എഴുതാനും വായിക്കാനും അറിയാത്ത 10% കുട്ടികൾ ഉണ്ട് എന്ന് കണ്ടെത്തിയിരിക്കുന്നു. ഏറ്റവും പരിതാപകരമായ ഒരവസ്ഥയാണിത്. ഈ സ്കൂളിൽ ഇത്തരത്തിൽപ്പെട്ട കുട്ടികൾ 15% ത്തിൽ കൂടുതലാണ്. ഇവർക്കു വേണ്ടിയുള്ള പ്രത്യേക ബോധന പരിപാടികൾ സ്കൂളിൽ കാര്യക്ഷമമായി നടന്നു വരുന്നു. അതിനെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള കർമ്മപരിപാടികൾ വിഷൻ – 2024 ലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. രക്ഷാകർതൃ ബോധവൽക്കരണം, അധിക സമയ ക്ലാസ്സുകൾ, നൈറ്റ് ക്ലാസ്സുകൾ, Audio – Visual എന്നീ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള പഠനപ്രക്രിയ, നിരന്തര നിരീക്ഷണം, മൂല്യനിർണ്ണയം എന്നിവ സമയ ബന്ധിതമായി നടപ്പിലാക്കുന്നു.

**3. സന്മാർഗ്ഗ ജീവിത ബോധവൽക്കരണം**

ബാല്ല്യത്തിൽ നിന്നും കൗമാരത്തിലേക്ക് കടക്കുന്ന കുട്ടികളാണ് ഞങ്ങളുടെ സ്കൂളിൽ എത്തിച്ചേരുന്നത്. സങ്കീർണ്ണമായ ശാരീരിക മാനസ്സിക പരിവർത്തനങ്ങൾ ഈ കാലയളവിൽ അവരിൽ സംഭവിക്കുന്നു. തക്കസമയത്ത് പരിഹരിച്ചില്ലെങ്കിൽ ഭാവിജീവിതം തന്നെ താറുമാറാകുന്ന അവസ്ഥയാണിത്. ഉദാഹരണങ്ങൾ കൺമുൻപിലുണ്ട്. വളരെ മന:ശാസ്ത്രപരമായി ഈ വിഷയം കൈകാര്യം ചെയ്യാൻ ഞങ്ങൾ ഉദ്ദേശിക്കുന്നു. പ്രഗൽഭരുടെ കൗണ്സിലിംഗ് ക്ലാസ്സുകൾ, രക്ഷകർത്താക്കളുമായുള്ള നിരന്തര സമ്പർക്കവും ഓരോ ടേമിലും ബോധവൽക്കരണം, പരീക്ഷാപേടി അകറ്റുന്നതിനുള്ള കൗണ്സിലിംഗ്, മാനസിക സമ്മർദ്ദം ഒഴിവാക്കാനായി വിവിധ കളികൾ, വിദഗ്ദ നിരീക്ഷണം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. അതുകൊണ്ട് അദ്ധ്യാപക – രക്ഷാകർതൃ – വിദ്യാർത്ഥി സൗഹൃദക്കൂട്ടായ്മ. ഹൃദ്യമായ പഠനാന്തരീക്ഷം സൃഷ്ടിക്കുക എന്നുള്ളതാണ് പ്രധാന ലക്ഷ്യം. ഓരോ ടേമിലുള്ള ക്ലാസ്സ് പി.റ്റി.എ യ്ക്കു പുറമേ ഏതെങ്കിലും തരത്തിൽ മാനസിക പിരിമുറുക്കം അനുഭവിക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക കൗൺസിലിംഗ് ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു. സ്കൂളിലും, വീട്ടിലും കുട്ടിയ്ക്ക് ധൈര്യം, സന്തോഷം തുടങ്ങിയവ പ്രദാനം ചെയ്യുന്ന തരത്തിലുള്ള സാഹചര്യത്തെ സൃഷ്ടിക്കുക. തുറന്നു സംസാരിക്കാനുള്ള അവസരം നൽകുക.

4. ദൈനംദിന ജീവിതത്തിൽ കുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഫലപ്രദമായി നേരിടുന്നതിന് അനുകൂലമായ സാഹചര്യം ഒരുക്കും.

5. മറ്റുള്ളവരോടും പരിതസ്ഥിതികളോടും സമാധാനപരമായും സൗഹൃതപരമായും ഇടപെടാനുള്ള കഴിവും വളർത്തിയെടുക്കാൻ കഴിയും.

6. കടുത്ത ദാരിദ്ര്യം നേരിടുന്നവർ, ആദിവാസികൾ, പെൺകുട്ടികൾ, പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, സ്ഥിരമായി താമസ സൗകര്യം ഇല്ലാത്തവർ, പലതരത്തിലും വിവേചനം അനുഭവിക്കുന്നവർ തുടങ്ങിയവരുടെ പരിമിതികളെ തിരിച്ചറിയുകയും അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഇത്തരക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കും.

7. തുല്യതയും, ഗുണതയും ഊന്നൽ നൽകും.

8. സർഗാത്മകത, നിരീക്ഷണപാടവം, വ്യക്തിക്ത ബുദ്ധി തുടങ്ങിയവ കുട്ടികളിൽ വളർത്തുകയും, പൊതു വിഷയങ്ങൾക്ക് പ്രാധാന്യം നൽകുകയും, സംഗീതം, നൃത്തം, ചിത്രരചന, ശില്പരചന, നാടകം, സിനിമ എന്നിവ ഉൾപ്പെടുത്തി കുട്ടികളുടെ കഴിവുകൾ തിരിച്ചറിയുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യും.

9. കുട്ടികളുടെ അക്കാദമികവും സർഗ്ഗപരവും കായികവുമായ കഴിവ് പരമാവധി പ്രത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തനാക്കും.

10. കലാ - കായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് ദേശീയ അന്തർദേശീയ തലങ്ങളിൽ മികവ് തെളിയിക്കുന്നതിനുള്ള അവസരങ്ങളൊരുക്കും.

11. കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുന്ന നിരവധി വേദികൾ (ചർച്ചാവേദികൾ, അസംബ്ലി, ക്ലബ്ബുകൾ, JRC, Scout & Guide, പഠനയാത്രകൾ) പ്രയോജനപ്പെടുത്താനുള്ള സൗകര്യവും ഒരുക്കും.

12. പാഠ്യ പദ്ധതി വിനിമയം ചെയ്യുന്നതിന് സഹായ ഘടകങ്ങളായ ലൈബ്രറി, ലാബ്, ഡിസ്പ്ലേ ബോർഡുകൾ, കമ്പ്യൂട്ടർ ലാബ്, മൾട്ടി മീഡിയ ഉപകരണങ്ങൾ തുടങ്ങിയവ കുട്ടികളുടെ പഠനപ്രക്രിയയുടെ പരിപൂർണതയ്ക്കായി ഉപയോഗപ്പെടുത്തും.

13. പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് നൂതനവും വ്യത്യസ്തവുമായ പഠനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതോടൊപ്പം അനുയോജ്യമായ വിലയിരുത്തൽ പ്രവർത്തനങ്ങളും രൂപപ്പെടുത്തി നടപ്പിലാക്കും.

14. ഐ.സി.ടി സാധ്യതകൾ ക്ലാസ്റൂം പഠനത്തിന് പ്രയോജനപ്പെടുത്തി, കുട്ടികളുടെ പഠനം ആയാസ രഹിതവും ആഹ്ലാദപ്രദവുമായി മാറ്റുന്നു.

15. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ അനായാസം ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കും.

16. സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഏതൊരു കുട്ടിയും അഭിരുചിക്കനുസരിച്ച് ഒരു തൊഴിലെങ്കിലും സ്വായത്തമാക്കും.

17. **“ ക്യാമ്പസ് ഒരു പാഠപുസ്തകം**" എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കും.

## VII. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| * ഭാഷാശേഷി വികസനം<br>* ഗണിതശേഷി വികസനം<br>* ഇംഗ്ലീഷ് പഠന പരിപോഷണം<br>* ശാസ്ത്രപോഷണ പരിപാടി<br>* വായനാ പരിപോഷണം<br>* ലൈബ്രറി ശാക്തീകരണം<br>* ലബോറട്ടറി ആധുനികവത്കരിക്കൽ<br>* ജൈവ വൈവിധ്യ പാർക്ക്<br>* പഠനയാത്രകൾ<br>* സെമിനാറുകൾ<br>* കലാ-കായികവേള<br>* ഐ.ടി പരിശീലനം<br>* അദ്ധ്യാപക ശാക്തീകരണ പരിപാടികൾ<br>* ക്ലാസ് പി.റ്റി.എ സജീവമാക്കൽ<br>* SRG ശാക്തീകരണം<br>* ശാസ്ത്രാഭിരുചി വളർത്തൽ<br>* പച്ചക്കറിത്തോട്ടം<br>* കൗൺസിലിംഗ് ക്ലാസ്സുകൾ<br>* ഒറിഗാമി ശില്പശാല<br>* ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>* ഭാഷാ ലാബ്<br>* ടേം മൂല്യനിർണ്ണയം, നിരന്തര വിലയിരുത്തൽ<br>* ദിനാചരണം<br>* ഇംഗ്ലീഷ് ഡേ<br>* പ്രതിഭാപോഷണ പരിപാടി<br>* സമഗ്രപോർട്ടൽ ശില്പശാല | * ചുറ്റു മതിൽ<br>* കളിസ്ഥലം<br>* ക്ലാസ് മുറികൾ<br>* ഓഫീസ് മുറി<br>* സ്റ്റാഫ് മുറി<br>* കമ്പ്യൂട്ടർ റൂം<br>* അസംബ്ലി ഹാൾ<br>* മാലിന്യ സംസ്കരണം<br>* ലബോറട്ടറി<br>* ജന്മദിനത്തിനൊരു പുസ്തകം<br>* ചിത്രരചന<br>* ഭാഷാത്സേവം<br>* ഓഡിറ്റോറിയം<br>* വാഹനഷെഡ് | * പി.റ്റി.എ ശക്തിപ്പെടുത്തൽ<br>* വിദ്യാലയ വികസന സമിതി<br>* പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>* ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാദ്ധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ, എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>* ക്ലാസ് പി.റ്റി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>* വിദ്യാലയ മികവുകൾ പൊതു സമൂഹവുമായി പങ്കിടൽ<br>* വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ<br>* ഭവന സന്ദർശനം |

# പദ്ധതി വിശദാംശങ്ങൾ

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ കണ്ടെത്തുക.
- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത സജ്ജീകരിക്കൽ
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക.

## പ്രവർത്തനങ്ങൾ

- മുന്നറിവ് പരിശോധിക്കുന്നു. പിന്നാക്കക്കാരെ കണ്ടെത്തുന്നു.
- ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര സഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ.
- ചിത്രം നൽകി അടിക്കുറിപ്പ് പറയിക്കൽ.
- ഒരു കഥയുടെ കുറച്ച് ഭാഗം നൽകി ബാക്കി പറയിക്കുന്നു.
- ചിത്രങ്ങൾ അടങ്ങിയ വീഡിയോ പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെക്കുറിച്ച് പറയാനവസരം, എഴുതാനവസരം.
- ഭിന്നശേഷിക്കാർക്കായി IED അദ്ധ്യാപകരുടെ സേവനം.
- കുട്ടികളുടെ സഹായത്താൽ ലൈബ്രറി നവീകരണം, വായനക്കുറിപ്പ് തയ്യാറാക്കൽ, അമ്മമാർക്ക് ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ അവസരം.
- നെറ്റിൽ നിന്ന് വിവരം ശേഖരിക്കാനുള്ള നൈപുണ്യം.
- സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, വചനങ്ങൾ, ജീവചരിത്ര കുറിപ്പുകൾ, ആസ്വാദന കുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കൽ.

## മലയാളം

**പ്രവർത്തനം. I**

**പേര്** : **ബ്ലോഗ് നിറയ്ക്കൽ യജ്ഞം**

**ഉപമേഖല** : **ഭാഷാ ശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | എസ്.ഐ.റ്റി .സി | |

**പ്രവർത്തനം. II**

**പേര്** : **രചനാശില്പശാല**

**ഉപമേഖല** : **മാതൃഭാഷയിലെ വിവധ ശേഷികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ. വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ് / കവിയരങ്ങ് , രചനാശില്പശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ. ക്ലാസ്സ് മുറിയിലെ പഠന സാമഗ്രിയായി മേൽ പറഞ്ഞ ഉത്പന്നങ്ങളെ ഉപയോഗിക്കൽ. | മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം കലാസാഹിത്യ വേദി | |

**പ്രവർത്തനം. III**

**പേര്** : **ഗ്രന്ഥശാലാ ശാക്തീകരണം**

**ഉപമേഖല** : **ഭാഷാശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എച്ച്.എം, പി.റ്റി.എ, ലൈബ്രേറിയൻ | |

**പ്രവർത്തനം. IV**

**പേര്** : **മലയാളം അസംബ്ലി**

**ഉപമേഖല** : **മലയാളഭാഷാ പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം ഫലപ്രദമായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും അവതരിപ്പിക്കുന്നു. സന്ദേശങ്ങൾ, മഹദ്വചനങ്ങൾ, പഴഞ്ചൊല്ലുകൾ ഇവ അവതരിപ്പിക്കൽ. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

**പ്രവർത്തനം. V**

**പേര്** : **മലയാളം ഡയറി**

**ഉപമേഖല** : **മലയാളഭാഷാ പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം മലയാളം എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഡയറിയിൽ കുറിക്കുക | ആഴ്ചയിൽ 5 ദിവസം | മലയാള അദ്ധ്യാപിക | |

**പ്രവർത്തനം. VI**

**പേര്** : **സർഗ്ഗ സല്ലാപം**

**ഉപമേഖല** : **ഭാഷാ വികസനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാഷയുടെ വിവധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന / എഴുത്ത്, അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | ഭാഷാ അദ്ധ്യാപകർ | |

**പ്രവർത്തനം. VII**

**പേര്** : **ദിനാചരണങ്ങൾ**

**ഉപമേഖല** : **സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ഭാഷാ അദ്ധ്യാപകർ | |

**പ്രവർത്തനം. VIII**

**പേര്** : **അഭിമുഖങ്ങൾ / സെമിനാറുകൾ**

**ഉപമേഖല** : **സർഗ്ഗശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകന്മാർ പങ്കെടുക്കുന്ന സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഭാഷാ അദ്ധ്യാപകർ | |

**പ്രവർത്തനം. IX**

**പേര്** : **പഠനയാത്രകൾ**

**ഉപമേഖല** : **സമഗ്രവികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവധ ശേഷികളുടെ വികസനം | മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർസിച്ച് അവയുടെ പ്രാധാന്യം തിരിച്ചറിയുന്ന പദ്ധതി. രക്ഷിതാക്കളുടേയും അദ്ധ്യാപകരുടെയും പങ്കാളിത്തത്തോടെ ക്ലാസ്സടിസ്ഥാനത്തിൽ പഠനയാത്ര. | വർഷത്തിൽ ഒരു പ്രാവശ്യം | ഭാഷാ അദ്ധ്യാപകർ | |

**പ്രവർത്തനം. X**

**പേര്** : **ഭാഷാദ്ധ്യാപക കൂട്ടായ്മ**

**ഉപമേഖല** : **ഭാഷാ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളുടെ വികസനം | LP മുതൽ ഹയർസെക്കൻഡറി വരെ മാതൃഭാഷ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ പഞ്ചായത്തുതല കൂട്ടായ്മ. കുട്ടികളുടെ ഭാഷാ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക. | 2 മാസം കൂടുമ്പോൾ | ഭാഷാ അദ്ധ്യാപകർ | |

**പ്രവർത്തനം. XI**

**പേര്** : **ഭാഷാശേഷി കൈവരിക്കുക**

**ഉപമേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും നിർദ്ദിഷ്ട ഭാഷാശേഷികൾ ആക്കാൻ കഴിയുക | ICT അധിഷ്ഠിതവും പ്രക്രിയാ ബന്ധിതവുമായ പാഠാസൂത്രണം | 2 വർഷം | ഭാഷാ അദ്ധ്യാപകർ | |

**പ്രവർത്തനം. XII**

**പേര്** : **ആസ്വാദന ശേഷി വളർത്തുക**

**ഉപമേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആസ്വാദന ശേഷി വളർത്തുക ശില്പശാല | കവിതാ ശില്പശാല<br>സർഗ്ഗാത്മക ശില്പശാല | 1 വർഷം | ഭാഷാ അദ്ധ്യാപകർ | |

**പ്രവർത്തനം. XIII**

**പേര്** : **വായനാശേഷി കൈവരിക്കാൻ**

**ഉപമേഖല** : **ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാ ശേഷി കൈവരിക്കുക | ഭാഷാ ലൈബ്രറി സ്ഥാപിക്കുക<br>ക്ലാസ് മാഗസിൻ നിർമ്മിക്കുക | 2 വർഷം<br>1 വർഷം | ഭാഷാ അദ്ധ്യാപകർ | |

**പ്രവർത്തനം. XIV**

**പേര്** : **ഭാഷാ ശേഷി കൈവരിക്കൽ**

**ഉപമേഖല** : **അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ സിനിമകൾ കാണുക | ഫിലിം ക്ലബ്ബ് രൂപീകരിക്കുക | 1 വർഷം | ഭാഷാ അദ്ധ്യാപകർ | |

**വിഷയം : സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക | ശ്രാവണോത്സവം, സംസ്കൃത ലഘു പദങ്ങൾ ഉച്ചാരണത്തിലൂടെ ഉറപ്പിക്കുക | 1 മാസം | ചാർട്ട്, പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ | അദ്ധ്യാപകർ | |
| വ്യാകരണ ശുദ്ധിയോടെ എഴുതാനും വായിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | മാഗസിനുകൾ, വായനാ കാർഡുകൾ, ദീർഘ പദങ്ങൾ എന്നിവ കണ്ടെത്തി ഉച്ചരിപ്പിക്കുന്നു. ഐ.സി.ടി സാധ്യതകളും | 1 വർഷം | ചാർട്ട്, പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ | അദ്ധ്യാപകർ | |
| വടനങ്ങളും ക്രിയാ പദങ്ങളും വിഭക്തി പഠനവും വിവിധ തരം കളികളിലൂടെ ഉറപ്പിക്കൽ | ഒഴിവു ദിവസങ്ങളിൽ പ്രത്യേകം ശിൽപശാലകൾ സംഘടിപ്പിക്കുക. | 6 മാസം | ചാർട്ട്, പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ | SRG കൺവീനർ, അദ്ധ്യാപകർ | 500 /- |
| സംസ്കൃതത്തിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി വർദ്ധിപ്പിക്കൽ. | പത്രവായന, സംസ്കൃത വാർത്ത കേൾക്കൽ, കഥ പറച്ചിൽ, സംസ്കൃത സിനിമ പ്രദർശനം. | 1 വർഷം | പുസ്തകങ്ങൾ, നവവാണി വെബ് | SRG കൺവീനർ, അദ്ധ്യാപകർ | |
| ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകുക. | സംസ്കൃത ദിനാചരണം, അസംബ്ലി, ഉപന്യാസ രചന, ചോദ്യോത്തര പയറ്റ്. | | പുസ്തകങ്ങൾ, ലാപ്ടോപ്പ് | SRG കൺവീനർ, അദ്ധ്യാപകർ | 1000 /- |
| പരീക്ഷകൾക്കും മത്സര പരീക്ഷകൾക്കും ഉള്ള പരിശീലനം. | സംസ്കൃത സ്കോളർഷിപ്പ് പരീക്ഷ, ഫസ്റ്റ് മിഡ്-ടേം എക്സാം തുടങ്ങിയവ ലക്ഷ്യമാക്കി വിവിധ പഠന സാമഗ്രികളുടെ സഹായത്തോടെ അതിനനുബന്ധമായ പ്രശ്നോത്തരികളും മറ്റും നടത്തുക. | 1 വർഷം | പുസ്തകങ്ങൾ, നവവാണി വെബ്, ലാപ്ടോപ്പ്. | അദ്ധ്യാപകർ | |

# ACADEMIC MASTER PLAN 2025-2026

## AREA – HIGH SCHOOL - ENGLISH

| OBJECTIVES | ACTIVITIES | DURATION | CHARGE | FINANCIAL ANALYSIS |
|---|---|---|---|---|
| Gain ability to communicate effectively in English | *Spoken English Class<br>*English library<br>*English Corner<br>*English Assembly | *School hours<br>*Saturdays | Teachers | P T A<br>Management |
| Find time for English presentations | *Displaying certain clippings of English Movies for the preparation of Cinema& Documentary-Profile and Script<br>*Role play, English Day, Seminar, Discussions, choreographing the famous poems of famous poets and presenting in club activities. | Incorporated with classroom activities<br><br>Academic year | Teachers<br><br>English teachers | English club, Management<br><br>English club, Management |
| Develop skills for independent reading and writing | *Participating in school radio programmes.<br>*Preparing letter cards, word cards, sentence cards etc<br>*Picture reading, short story writing, Public speaking, Simple games, English newspaper reading, Vocabulary building, preparing news reports, My diary, reading news headlines in assembly, News reading competitions. | Classroom activities incorporated<br><br>Assembly | P T A<br>SRG<br>Teachers<br><br>P T A<br>Teachers | English club |
| Dramatisation | *English Assembly, Skit, Puppet Show, English Lab<br>*Displaying Puppet Shows, Skits, Story telling etc from the portions taken from lessons concerned. | *Classroom activities<br>*Classroom & Club activities | SRG<br>Teachers<br><br>SRG,PTA<br>Teachers | PTA |
| Develop skills for versification and recitation | *Listen to English audio clippings<br>*Versification, recitation competition, preparing appreciations.<br>*Utilising the opportunities for communicating with or interviewing famous literary persons.<br>*Book reviews<br>*Magazines | Classroom activities and conducting Competition<br><br>Once or Twice an year | SRG,PTA<br>Teachers<br><br>English teachers | English club<br><br>PTA<br>Management |
| Effective utilisation of latest digital technology (AI) | *Organising interviews, video conferences etc with famous writers, critiques and versatile personalities of different fields related to literature<br><br>*Opportunity to watch English fest, English films etc | Time based on the availability of persons concerned<br>*Once in an year | PTA,SRG<br>Teachers<br><br>English club | PTA,SRG<br>Management |

# ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

* മികച്ച വായനാശീലം ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുക.
* കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും സ്വായത്തമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക.
* AI യുടെ അനന്തമായ സാധ്യതകൾ ഭാഷാ പഠനത്തിൽ മികവുറ്റ രീതിയിൽ പ്രയോജനപ്പെടുത്തുക .
* വായനയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ഭാഷാ പഠനത്തെ കൂടുതൽ മികവുറ്റതാക്കുക.
* ലോക ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം നല്ല രീതിയിൽ സാധ്യമാക്കാൻ കഴിവു നേടുക.
* ഇംഗ്ലീഷ് ഭാഷാ അധ്യാപക ശാക്തീകരണം.
* ജീവിത വിജയത്തിന് ഉതകുന്ന ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഇംഗ്ലീഷ് ഭാഷാ പഠനത്തെ പ്രയോജനപ്പെടുത്തുക.
* വ്യക്തി വികസനത്തിന് ഇംഗ്ലീഷ് ഭാഷാ പഠനം മികവുറ്റ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
* സ്ത്രീ ശാക്തീകരണത്തിന് ഇംഗ്ലീഷ് ഭാഷാ പഠനത്തെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്തുക.
* ഇംഗ്ലീഷ് ഭാഷ അനായാസമാക്കി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക.

## പ്രവർത്തനങ്ങൾ

* ഇംഗ്ലീഷ് ഭാഷാ നൈപുണി വികസിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു
* സ്കൂൾ അസംബ്ലിയിൽ സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളെ അടിസ്ഥാനമാക്കി പ്രസംഗങ്ങൾ അവതരിപ്പിക്കുക.
* അസംബ്ലിയിലും ഇടവേളകളിലും ഇംഗ്ലീഷ് കഥകൾ അവതരിപ്പിക്കുക.
* ഇംഗ്ലീഷ് പത്രത്തിലെ പ്രധാന വാർത്തകൾ മൈക്കിലൂടെ പറയുക.
* പാഠഭാഗങ്ങൾ സ്വന്തം രീതിയിൽ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുക.
* AI യുടെ സാധ്യതകൾ പാഠഭാഗത്തിലെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുക.
* വിവിധ പാഠഭാഗങ്ങളുടെ പ്രവർത്തനങ്ങൾ അടിസ്ഥാനമാക്കി മാഗസിനുകൾ, ചാർട്ടുകൾ, ലഘു ലേഖനങ്ങൾ എന്നിവ തയ്യാറാക്കുക.
* ഐ.ടി യുടെ സാധ്യതകൾ ഉപയോഗപ്പെടുത്താനായി പി.പി.ടി പ്രസന്റേഷനുകൾ, ഡിജിറ്റൽ മാഗസിനുകൾ എന്നിവ നിർമ്മിക്കുക.
* സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളിൽ കൈയെഴുത്തു പ്രതികൾ തയ്യാറാക്കുക.
* ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുക.
* പഠന പിന്നാക്ക അവസ്ഥ പരിഹരിക്കാൻ Peer group learning പോലുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
* ഇംഗ്ലീഷ് പത്രങ്ങൾ കുട്ടികളിൽ എത്താൻ വേണ്ട സഹായങ്ങൾ ചെയ്യുക.
* ഇംഗ്ലീഷ് പത്രങ്ങളും മാഗസിനുകളും വായിക്കാൻ വേണ്ട പ്രോത്സാഹനങ്ങൾ നൽകുക.

* ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിന് വേണ്ട മികവുറ്റ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* ഇംഗ്ലീഷ് ഭാഷയെ കൂടുതൽ അനായാസമായി ഉപയോഗിക്കുന്നതിന് Spoken english class കൾ നടത്തുക.
* “ English day “ ആചരിച്ച്, ഇംഗ്ലീഷ് ഭാഷയ്ക്ക് നമ്മുടെ ജീവിതത്തിലുള്ള ആവശ്യകത ബോധ്യപ്പെടുത്തുന്നു.
* ഇംഗ്ലീഷ് സാഹിത്യ ശാഖയെ കൂടുതൽ മനസിലാക്കാൻ പുസ്തകങ്ങൾ വായിച്ച് വായനാ കുറിപ്പുകൾ തയ്യാറാക്കുക.
* ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് കൂടുതൽ പ്രവർത്തനങ്ങൾ നടത്തുക.
* ഇംഗ്ലീഷ് ക്ലബ്ബിന്റെ നേതൃത്വത്തിൽ
    * English language day
    * Spelling bee competition.
    * English day
    * Handwriting competition

  തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* Fun based learning എന്ന ആശയം കുട്ടികളിൽ എത്തിക്കാൻ അസംബ്ലിയിലും ഇടവേളകളിലും engligh puzzles, riddles, language games എന്നിവ കുട്ടികളുടെ പൂർണ്ണമായ പിന്തുണയോടെ നടത്തുക.

# ഹിന്ദി

## ലക്ഷ്യങ്ങൾ

എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതാനും, വായിക്കാനും, സംസാരിക്കുവാനും ഉള്ള കഴിവ് വർദ്ധിപ്പിക്കുക.

ഹിന്ദി ഭാഷാ പഠനം ലളിതവും, ആകർഷകവും, രസകരവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

യൂണിറ്റ് അടിസ്ഥാനത്തിലുള്ള പഠന നേട്ടങ്ങളിൽ എല്ലാ കുട്ടികളിലും എത്തി എന്ന് ഉറപ്പാക്കൽ.

ദേശസ്നേഹവും, ഭാഷാ സ്നേഹവും ഹിന്ദി പഠനത്തിലൂടെ നേടിയെടുക്കൽ

## പ്രവർത്തനങ്ങൾ

हफ्ते का शब्द (ആഴ്ചയിലെ വാക്ക് )

ഹിന്ദി ക്ലാസ്സ് ലൈബ്രറി

ഹിന്ദി ഡിജിറ്റൽ ലൈബ്രറി

ഹിന്ദി അസംബ്ലി (ആഴ്ചയിൽ 1 )

ഹിന്ദി പ്രശ്നോത്തരി (ആഴ്ചയിൽ 1 )

ഹിന്ദി പ്രദർശന ബോർഡുകൾ ഓരോ ക്ലാസിലും

നിരന്തരം മൂല്യനിർണയത്തോടൊപ്പം പഠന പുരോഗതി നിർണയം

ഹിന്ദി നോട്ട് പുസ്തകം സമഗ്രവും ആകർഷകമാക്കൽ

ഹിന്ദി പത്രം ഈ പേപ്പർ ലഭ്യമാക്കൽ

ഐസിടി ഉപയോഗം കാര്യക്ഷമമാക്കൽ

എൻറെ ഹിന്ദി ഡയറി ആഴ്ചയിലൊരിക്കൽ

ഹിന്ദി ക്ലബ് പ്രവർത്തനത്തിൽ നാടകം കവിത സ്കിറ്റ് എന്നീ

പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

ഹിന്ദി വർക്ക് ഷീറ്റ് നിർമ്മാണം അവയുടെ പ്രവർത്തനങ്ങളും

ഹിന്ദി സംഭാഷണം, പ്രത്യേക പരിശീലനം

ഹിന്ദി സിനിമ ക്ലബ്ബ്

ദിനാചരണങ്ങൾ ഹിന്ദിയിൽ

കയ്യക്ഷരം മെച്ചപ്പെടുത്തൽ

എൻറെ ഹിന്ദി ബുക്ക്

-

വിഷയം : ഹിന്ദി

മേഘല : ഭാഷാപഠനം

ഉപമേഘല : ഹിന്ദി ഭാഷാ പഠനം

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലം | ചുമതല | നടപ്പാക്കുന്ന ഏജൻസി | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷയിൽ തിരിച്ചറിയൽ കാർഡ് | 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ ഹിന്ദിയിൽ പേര്, ക്ലാസ്, വിലാസം രേഖപ്പെടുത്തിയ ID കാർഡ് (ഹിന്ദി ക്ലാസിനുമാത്രം) | ജൂൺ 2024 | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | 2000 |
| ഹഫ്തേ കാ ശബ്ദ് (ആഴ്ചയിൽ ഒരു വാക്ക്) | ഓരോ ആഴ്ചയിലും ഒരു പുതിയ വാക്ക് (സർക്കാർ സ്ഥാപനങ്ങളിലോ, ബാങ്കുകളിലോ ഉപയോഗിക്കുന്ന വാക്കുകൾ) | ജൂൺ 2024 മുതൽ | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | |
| ഹിന്ദി അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുന്നു വാർത്താവായന, സാഹിത്യകാരെ പരിചയപ്പെടുത്തൽ, പുസ്തകവായന തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഹിന്ദി അന്തരീക്ഷമൊരുക്കി എടുക്കുന്നു . | ജൂൺ 2024 മുതൽ | HM, ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | |

| | | | | | | |
|---|---|---|---|---|---|---|
| ക്ലാസ് ലൈബ്രററി | ഓരോ ക്ലാസിലും കുട്ടികളുടെ നിലവാരമനുസരിച്ച് ക്ലാസ് ലൈബ്രറി ഒരുക്കുന്നു. ആസ്വദന കുറിപ്പ് തയ്യാറാക്കിക്കുന്നു. | ജൂൺ 2024 മുതൽ | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | 2000 | |
| ഹിന്ദി ഡിജിറ്റൽ ലൈബ്രററി | ഡിജിറ്റൽ വായനയ്ക്കുള്ള PDF, വായന സാമഗ്രികൾ, E വായന പ്രോത്സാഹിപ്പിക്കൽ | ജൂൺ 2024 മുതൽ | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | 1000 | |
| ഹിന്ദി പ്രവർത്തനവും ക്ലബ്ബ് രൂപീകരവും | ക്ലബ്ബ് രൂപീകരണവും പ്രവർത്തന പദ്ധതി തയ്യാറാക്കലും | ജൂൺ 2024 മുതൽ | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | 1000 | |
| ഹിന്ദി ക്ലാസും, ICT പ്രവർത്തനവും | പാഠഭാഗത്തെ ചിത്രങ്ങളും, വീഡിയോകളും, സ്ലൈഡുകളും ഉൾപ്പെടുത്തി പഠനം ലളിതവും രസകരവുമാക്കുന്നു | ജൂൺ 2024 മുതൽ | ഹിന്ദി അധ്യാപകർ IT കോ ഓർഡിനേറ്റർ | ഹിന്ദി ക്ലബ്ബ് | | |
| ദിനാചരണങ്ങൾ (ഹിന്ദി) | ദിനാചരണങ്ങൾ ഹിന്ദി ഭാഷയിൽ ക്ലാസ്റൂമിൽ അവതരിപ്പിക്കുന്നു. | ജൂൺ 2024 മുതൽ | SRG ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | | |
| ഹിന്ദി പത്ര /E പേപ്പർ | E പേപ്പർ പ്രിന്റ് ചെയ്ത് ക്ലാസ് മുറികളിൽ എത്തിക്കുന്നു | ജൂൺ 2024 മുതൽ | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | 1000 | |
| ഹിന്ദി പ്രശ്നോത്തരി ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി പാഠപുസ്തകം ഹിന്ദി സാഹിത്യം പൊതുവിഗ് ഞാനം എന്നിവയെ അടിസ്ഥാനമാക്കി പ്രശ്നോത്തരിയും വിജയികൾക്ക് സമ്മാന വിതരണവും | ജൂൺ 2024 മുതൽ | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | 1000 | |

| | | | | | | |
|---|---|---|---|---|---|---|
| ഹിന്ദി സംഭാഷണ പരിശീലനം | കുട്ടികളുടെ പഠനസമയം നഷ്ടപ്പെടാതെ ഹിന്ദി സംസാരിക്കുവാനായി പരിശീലനം | ആഗസ്റ്റ് 2024 മുതൽ | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | | |
| ഹിന്ദി കയ്യക്ഷരം മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം വൃത്തിയായ കൈയ്യക്ഷരത്തോട് കോപ്പി ബുക്ക് എഴുതിക്കുന്നു | ജൂലൈ 2024 മുതൽ | ഹിന്ദി അധ്യപകൻ | | | |
| ഹിന്ദി കൈയ്യെഴുത്തു പ്രതി | 2024 ജൂൺ മാസം മുതൽ കുട്ടികൾ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ കൂട്ടിച്ചേർത്ത് കൈയ്യഴുത്ത് പ്രതി പൊതു വേദയിൽ പ്രകാശനം ചെയ്യുന്നു. | ജൂലൈ 2024 മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ | ഹിന്ദി ക്ലബ്ബ് | | |

## സോഷ്യൽ സയൻസ്

* സോഷ്യൽ സയൻസ് പഠനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള അവസരം കുട്ടികൾക്ക് നൽകേണ്ടതാണ്.
* എസ്.എസ് ക്ലബ്ബിന്റെ ഭാഗമായി 8,9 ക്ലാസുകളിലെ കുട്ടികൾക്ക് സോഷ്യൽ സയൻസ് ഡയറി ദൈനംദിന പ്രവർത്തനങ്ങൾ വിശകലനം ചെയ്യാനായി വിതരണം ചെയ്യണം.
* സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ഭാഗമായി സെമിനാർ, ക്വിസ് മത്സരങ്ങൾ, പ്രസംഗ മത്സരം എന്നിവ ഉൾപ്പെടുത്തി ദിനാചരണങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
* പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ സെമിനാറുകളിലും ദിനാചരണങ്ങളിലും മറ്റ് CE പ്രവർത്തനങ്ങളിലും പ്രത്യേക പരിഗണന നൽകികൊണ്ട് പങ്കെടുപ്പിക്കുക.
* സാമൂഹ്യ പരിഷ്ക്കർത്താക്കളുടേയും സ്വാതന്ത്ര്യ സമരസേനാനികളുടെയും ജീവചരിത്രം പഠന വിഷയമാക്കുക.
* പത്രവായന. റിപ്പോർട്ടിംഗ് മത്സരം സംഘടിപ്പിക്കുക.
* ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകളുള്ള സ്ഥലങ്ങൾ സന്ദർശിക്കുക.
* SS പഠനം വിജ്ഞാനപ്രദമാക്കുന്നതിന് വേണ്ടി പാഠഭാഗവുമായി ബന്ധപ്പെട്ട Silde കൾ വീഡിയോകൾ എന്നിവ പ്രദർശിപ്പിക്കണം.
* ക്ലബ് പ്രവർത്തനങ്ങളിലും, പഠന യാത്രകളിലും CWSN കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക.
* ഗാന്ധി ജയന്തി ദിനവുമായി ബന്ധപ്പെട്ട് വിദ്യാലയ പരിസരത്ത് സ്ഥിതി ചെയ്യുന്ന പൊതു സ്ഥാപനം SS ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ശുചീകരിക്കുക.
* സ്വതന്ത്ര ഇൻഡ്യയുടെ മതേതര സങ്കൽപ്പം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.
* ചരിത്രപരവും ഭൂമിശാസ്ത്രപരവും പ്രത്യേകതകൾ ഉള്ള സ്ഥലങ്ങൾ സന്ദർശിക്കുക.
* Cluster meeting, Subject Council എന്നിവ മെച്ചപ്പെടുത്തിയും Social media യിലെ പുത്തൻ പ്രവണതകൾ പ്രയോജനപ്പെടുത്തി SS ക്ലാസ് കൂടുതൽ ആയാസരഹിതമാക്കണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിൽ സവിശേഷ വൈദഗ്ധമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക | വിവിധ സ്കൂളിലെ പ്രതിഭകളെ ഉൾപ്പെടുത്തി Talent Search Exam സംഘടിപ്പിക്കുക. | പ്രതിവർഷം 2 പ്രാവശ്യം | SRG | 3000/- |
| കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ സാമൂഹ്യശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക | ക്ലാസ് അടിസ്ഥാനത്തിൽ ചോദ്യശേഖരം തയ്യാറാക്കുക | പ്രതിവർഷം 3 പ്രാവശ്യം | Subject Council | 500/- |
| സാമൂഹ്യ ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക. | സാമൂഹ്യ വിഷയങ്ങളെ അടിസ്ഥാനമാക്കി സ്കിറ്റ് റോൾ, പ്ലേ എന്നിവ അവതരിപ്പിക്കുക. | പ്രതിവർഷം 1 പ്രാവശ്യം | SS Club | |
| സാമൂഹ്യ ചിന്ത, സാമൂഹ്യ വിശകലന ശേഷി, എൻക്വയറി, സ്കിൽ എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | ആനുകാലിക വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസ് അടിസ്ഥാനമാക്കി സംവാദം സംഘടിപ്പിക്കുക. | പ്രതിവർഷം 1 പ്രാവശ്യം | Subject Council | |
| സമൂഹത്തെ അറിയുന്നതിനും ഭൂമിയെ അറിയുന്നതിനും. | ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ എന്നിവിടങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുക. | പ്രതിവർഷം 1 പ്രാവശ്യം | SRG | 10000/- |
| സാമൂഹ്യശാസ്ത്ര പഠനത്തെ സാമൂഹ്യ മാറ്റത്തിന് ഉപയോഗിക്കുക. | ക്ലാസ് അടിസ്ഥാനത്തിൽ പത്രം തയ്യാറാക്കാൻ മത്സരം നടത്തുന്നു. | പ്രതിവർഷം 2 പ്രാവശ്യം | | 500/ |
| IT യുടെ സാദ്ധ്യത SS പഠനത്തിൽ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക. | SS വുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, മോഡലുകൾ എന്നിവ ഉൾപ്പെടുത്തി SS ലാബ് നവീകരിക്കുക. | | SRG | 20000/- |
| SS പഠനശേഷി വികസിപ്പിക്കുക. | ലൈബ്രറി നവീകരിക്കുന്നു. ചരിത്ര നാടകങ്ങൾ, എക്സിബിഷൻ എന്നിവ സംഘടിപ്പിക്കുന്നു. | | SRG | 5000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| SS പഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക. | Moc Parliament സംഘടിപ്പിക്കുക, ക്ലാസ് ഭരണഘടന തയ്യാറാക്കുക. പാർലമെന്റ്, നിയമസഭ എന്നിവ സന്ദർശിക്കാൻ അവസരം ഒരുക്കുന്നു. | | SRG | 5000/- |
| സാമൂഹ്യ പരിസ്ഥിതി അവബോധം വളർത്തുക. | പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. | | SS Club | 3000/- |
| SS പഠനത്തെ സാമൂഹ്യ ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്തുക. | പ്രദേശത്തെ വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് തയ്യാറാക്കൽ. | പ്രതിവർഷം 1 പ്രാവശ്യം | Subject council | |
| SS പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക. | Girl's Club, Girl's Assembly എന്നിവ സംഘടിപ്പിക്കുക വിവിധമേഖലകളിൽ മികച്ച സേവനം കാഴ്ച വെച്ച വനിതകളുമായി അഭിമുഖം Motivation class എന്നിവ സംഘടിപ്പിക്കുക. | | SRG | 2000/ |
| പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക | SS Club ന്റെ നേതൃത്വത്തിൽ ഭവന സന്ദർശനം Motivation class സ്മാരകങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. | പ്രതിവർഷം 2 പ്രാവശ്യം | SS club | 1000/- |

## ശാസ്ത്രം

* എല്ലാ മാസവും ശാസ്ത്ര അധ്യാപകരുടെ കൂട്ടായ്മ

* ശാസ്ത്രവിജ്ഞാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, വായനാ കുറിപ്പുകൾ, മാഗസിനുകൾ എന്നിവ ഉൾപ്പെടുത്തി സയൻസ് ലൈബ്രറി വികസിപ്പിക്കുന്നു.

* ശാസ്ത്രപ്രദർശനം സംഘടിപ്പിക്കുന്നു.

* വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ സംഘടിപ്പിക്കുന്നു.

* ലബോറട്ടറി ഉപകരണങ്ങൾ കുട്ടികൾക്ക് കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നു.

* കുട്ടികളിൽ മൂല്യബോധം ഉയർത്താൻ പറ്റിയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

* പ്രകൃതി സ്നേഹികളായി വളർത്തുന്നതിനുള്ള വഴികാട്ടിയായി ശാസ്ത്രാധ്യാപകർ പ്രവർത്തിക്കുന്നു.

* കുട്ടികളിൽ മനോധൈര്യം ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നു.

* ലഹരിക്കെതിരെയുള്ള ബോധവൽക്കരണ ക്ലാസുകൾ, ശാസ്ത്ര നാടകങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

* കുട്ടികളിൽ ശാസ്ത്രാവബോധം വളർത്താൻ ഉതകുന്ന ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.

**വിഷയം : ഫിസിക്കൽ സയൻസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡലുകൾ നിർമ്മിക്കുന്നു.<br><br>പാഠങ്ങളുമായി ബന്ധപ്പെട്ട പഠന ഉപകരണങ്ങളുടെ പ്രദർശനം<br><br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതു വേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | സയൻസ് ക്ലബ് | സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ് |
| * നിരന്തരമായി അന്വേഷണം നടത്തുകയും, ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുക. | ● ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>● വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ മാതൃകകൾ പ്രദർശിപ്പിക്കാൻ അവസരം നൽ കുന്നു.<br>● ശാസ്ത്ര ശിൽപ്പ ശാലകൾ സംഘടിപ്പിക്കുന്നു.<br>● ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാഗസിനുകൾ പ്രസിദ്ധീകരണം.<br>● സയൻസ് ലാബ് ആധുനികവൽക്കരിക്കുന്നു | അക്കാദമിക വർഷം 1<br><br>അക്കാദമിക വർഷം 1<br><br>അക്കാദമിക വർഷം 1 | സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ്<br><br>സയൻസ് ക്ലബ് | സ്പോൺസർ |

| | | | | |
|---|---|---|---|---|
| * അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് തേടൽ | ● സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്<br>● പുതു പുത്തന് സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു.<br>● ജില്ലാ, സംസ്ഥാന തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു.<br>● ശാസ്ത്രകാരന്മാരുമായി സംവദിക്കൽ. | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| * ശാസ്ത്രാവബോധം വളർത്താൻ ഫീൽഡ് ട്രിപ്പ് | കുട്ടികളിൽ ശാസ്ത്ര സംബന്ധമായ അറിവ് ലഭിക്കുന്നതിനു വേണ്ടി പ്ലാനിറ്റേറിയം, സ്പേസ് മ്യൂസിയം എന്നിവടങ്ങളിൽ സംന്ദർശനം നടത്തുന്നു. | അക്കാദമിക വർഷം 1 | സയൻസ് ക്ലബ് | |
| * ദേശീയ ഊർജ്ജ സംരക്ഷണ ദിനാചരണം | ● ഊർജ്ജത്തിന്റെ ഉപയോഗം, ഉത്പാദനം എന്നിവ പരിസ്ഥിതിയെ എങ്ങനെ ബാധിക്കുന്നു എന്ന് ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ.<br>● ഊർജ്ജ സംരക്ഷണത്തിലൂടെ പരിസ്ഥിതി സംരക്ഷണത്തിന് തങ്ങളുടെ പങ്ക് എന്തെന്ന് ഓരോ വിദ്യാർത്ഥിയും മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ് | |
| * c v രാമൻ ദിനാചരണം<br>Feb. 1 | ● ശാസ്ത്ര ലോകത്തെ നൂതന ആശയങ്ങളെക്കുറിച്ചുള്ള ധാരണ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>● അന്ധ വിശ്വാസങ്ങളെ മാററി നിർത്തി ശാസ്ത്രമാണ് സത്യം എന്ന ബോധ്യം വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | അക്കാദമിക വർഷം | സയൻസ് ക്ലബ് | |

**വിഷയം : നാച്ചുറൽ സയൻസ്**

| പ്രവർത്തനങ്ങൾ | മേഖല | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | ലക്ഷ്യം |
|---|---|---|---|---|---|
| ജന്തുജന്യ രോഗങ്ങളെ കുറിച്ചുള്ള ചോദ്യങ്ങൾ അടങ്ങിയ സർവ്വേ ഫോം കുട്ടികൾക്ക് വിതരണം ചെയ്യുന്നു. സമീപ പ്രദേശങ്ങളിൽ നിന്നും വിവരശേഖരണം നടത്തുന്നു. സർവ്വേ ഫലങ്ങൾ അദ്ധ്യാപകർ ക്രോഡീകരിക്കുന്നു. | ജന്തുജന്യ രോഗങ്ങൾ | ജൂൺ<br>↓<br>ഓഗസ്റ്റ് | സ്കൂൾതല സമിതികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ | | ജന്തുജന്യ രോഗങ്ങൾ നിർമാർജനം, ശുചീകരണം എന്നിവയിൽ വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുകയും അത് സമൂഹത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. |
| മഴക്കാലരോഗങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നു. | മഴക്കാല രോഗങ്ങൾ | ജൂൺ<br>↓<br>ഓഗസ്റ്റ് | സ്കൂൾതല സമിതി, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ | | മഴക്കാല രോഗങ്ങൾ നിർമ്മാർജനം, ശുചീകരണം എന്നിവയിൽ വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുകയും അത് സമൂഹത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുക എന്നാതാണ് ലക്ഷ്യം. |
| ലഹരി വിരുദ്ധ ക്ലബ് രൂപീകരണം, ലഘുലേഖ നിർമ്മാണം. പോസ്റ്റർ പ്രദർശനം, ബോധവൽക്കരണ ക്ലാസുകൾ. | ലഹരി നിർമാർജനം. | ജൂൺ<br>↓<br>ഓഗസ്റ്റ് | സ്കൂൾതല സമിതി, അദ്ധ്യാപകർ, രക്ഷിതാക്കൾ | | കുട്ടികൾ ലഹരി വസ്തുക്കളുടെ ദോഷം മനസിലാക്കി അതിനെതിരെ ബോധവാന്മാരാകുന്നു. |
| ലഹരി വിരുദ്ധ റാലി, ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരുടെ ക്ലാസുകൾ, കൗൺസിലിംഗ് ക്ലാസുകൾ. | ലഹരി നിർമാർജനം. | ജൂൺ<br>↓<br>ഓഗസ്റ്റ് | സ്കൂൾതല സമിതി, അദ്ധ്യാപകർ, രക്ഷിതാക്കൾ | | കുട്ടികൾ ലഹരി വസ്തുക്കളുടെ ദോഷം മനസിലാക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| ആഴ്ച തോറും ഫിറ്റ്നസ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു. ക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു. | ലഹരി നിർ മാർജനം. | ജൂൺ ↓ ഫെബ്രുവരി | സ്കൂൾതല സമിതി, അദ്ധ്യാപകർ, രക്ഷിതാക്കൾ | | കുട്ടികൾ ലഹരി വസ്തുക്കൾക്ക് എതിരെ ബോധവാന്മാരാകുന്നു. |
| മാലിന്യങ്ങൾ തരം തിരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മ സേനയെ ഏൽപ്പിക്കുന്നു. | മാലിന്യ സംസ്കരണം | ജൂൺ ↓ ഫെബ്രുവരി | പരിസ്ഥിതി ക്ലബ്, JRC | | സ്കൂളിലെ പ്രധാനപ്പെട്ട മാലിന്യങ്ങളായ ഭക്ഷണ അവശിഷ്ടങ്ങൾ, പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ, ഉപയോഗ ശൂന്യമായ പേനകൾ എന്നിവയുടെ സംസ്കരണം, മലിനീകരണം എന്നിവയെ പറ്റി ബോധവാന്മാരാകുന്നു. |
| കുട്ടികൾക്ക് മാലിന്യ സംസ്കരണത്തെ കുറിച്ചുള്ള സെമിനാറുകൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | മാലിന്യ സംസ്കരണം | ജൂൺ ↓ ഫെബ്രുവരി | പരിസ്ഥിതി ക്ലബ് | | മാലിന്യ സംസ്കരണത്തെ പറ്റി ബോധവാന്മാരുകുന്നു. |

# ഗണിതം

## ലക്ഷ്യങ്ങൾ

* ഗണിത ശാസ്ത്രത്തിൽ സവിശേഷ സ്വഭാവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
* ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറി കടക്കാൻ പിന്തുണ നൽകുക.
* ഗണിത ചിന്ത, യുക്തി ചിന്ത വിശാലന ശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
* പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
* ഗണിത പഠനത്തെ സദൃശ്യ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
* ഗണിത പഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
* ഗണിത പഠന ശേഷി വികസിപ്പിക്കുക.
* ഗണിത പഠനത്തെ മതേതര ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിൽ പ്രയോജനപ്പെടുത്തുക.
* സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുന്നതിൽ ഗണിത പഠനത്തെ പ്രയോജനപ്പെടുത്തുക.
* ഗണിത പഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
* ഗണിത പഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനിയോജ്യമാക്കുക.
* പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുന്നതിന് അധ്യാപക ശാക്തീകരണം.
* CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക.
* സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനു ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
* ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണിത പഠനത്തെ പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

ഗണിതത്തിൽ പ്രത്യേകം അഭിരുചിയുള്ളവരെ കണ്ടെത്തി Extra question കൊടുക്കുന്നു. Extra time കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു വരുന്നു. ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ ഒരു ഗ്രൂപ്പായി തിരിച്ച് പ്രത്യേകം ക്ലാസ്സുകൾ കൊടുക്കുന്നു. Term – ൽ മൂല്യനിർണ്ണയം നടത്തി പ്രോത്സാഹനം നൽകുന്നു.

പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട മോഡലുകൾ കുട്ടികൾക്ക് ചെയ്യാൻ അവസരം കൊടുക്കുന്നു. ഗണിതവുമായി ബന്ധപ്പെട്ട ചാർട്ടുകൾ തയ്യാറാക്കുന്നു. ഗണിത ശാസ്ത്രജ്ഞൻമാരുടെ യാത്രകളും വിവരങ്ങളും ശേഖരിച്ച് ആൽബം തയ്യാറാക്കൽ, മാഗസിൻ നിർമ്മാണം എന്നിവയിലൂടെ കുട്ടികളിൽ ഗണിതത്തിലുള്ള താല്പര്യം ഉണ്ടാക്കുന്നു. ഗണിത ലൈബ്രറി വിപുലപ്പെടുത്തുക. ഗണിതശാസ്ത്ര ക്ലബ്ബിലൂടെ Project, Seminar, Quiz competition, ദിനാചരണങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗണിത ചിന്ത, യുക്തി, വിശകലന ശേഷി ഇവ വികസിപ്പിക്കുന്നു. ഗണിത ക്ലാസിൽ ICT യുടെ സാധ്യത പ്രയോജനപ്പെടുത്തുവാൻ ഉള്ള കഴിവ് നേടുക. സമൂഹവുമായി ബന്ധപ്പെട്ട ഗണിതാശയങ്ങൾ കണ്ടെത്താൻ കുട്ടികൾക്ക് അവസരം നൽകുന്നു.

നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ കൈകാര്യം ചെയ്യുവാനുള്ള കഴിവ് ആർജ്ജിക്കുക. ഗണിത ക്ലാസ് രസകരമാക്കാൻ ചില തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക. പാർശ്വവൽക്കരിക്കപ്പെട്ട രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുക.

**വിഷയം : ഗണിതശാസ്ത്രം**

**ലക്ഷ്യങ്ങൾ**

* **അക്കാദമികം**

1. ഗണിതശേഷി വികസനം
2. ഗണിത ലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ
3. ദിനാചരണങ്ങൾ
4. ഒറിഗാമി ശില്പശാല
5. സമഗ്ര പോർട്ടൽ ശില്പശാല

* **ഭൗതികം**

1. ഗണിതോത്സവം
2. ഗണിത പാർക്ക്

**മേഖല : ഗണിതശേഷി വികസനം**

**ഉപമേഖല : ഗണിത പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഗണിതത്തിൽ താല്പര്യം | ക്വിസ് ചോദ്യങ്ങൾ കൊടുക്കുന്നു. ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ പ്രോത്സാഹിപ്പിക്കുന്നു | പ്രതിമാസ പരിപാടി | Maths Club | Self |

**മേഖല : Maths corner**

**ഉപമേഖല : ഗണിത പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഗണിത പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഗണിതത്തിലെ ശാസ്ത്രജ്ഞന്മാരുടെ പാഠങ്ങൾ, ഗണിതവാക്യങ്ങൾ, ഗണിതചിന്തകൾ ഇവ പ്രദർശിപ്പിക്കുന്നു | പ്രതിമാസ പരിപാടി | Maths Club | |

**മേഖല : ഗണിത ശില്പശാല**

**ഉപമേഖല : ഗണിതത്തിലെ വിവിധ ശേഷികളുടെ വികാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പ്രവർത്തനങ്ങളുടെ നിർമ്മാണം | ക്ലാസ് മുറിയിലെ പഠനസാമഗ്രിയായ ഉല്പന്നങ്ങളെ ഉപയോഗിക്കൽ | ത്രൈമാസ പരിപാടി | Maths Club | |

**മേഖല : ബ്ലോഗ് നിറയ്ക്കൽ യജ്ഞം**

**ഉപമേഖല : ഗണിത സമ്പുഷ്ടീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മിതികൾ കമ്പ്യൂട്ടറിൽ നിർമ്മിക്കൽ | കുട്ടികളുടെ മികച്ച നിർമ്മിതികൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | ദ്വൈമാസ പരിപാടി | Maths Club<br>IT Club | |

**മേഖല : ഗണിത ഗ്രന്ഥശാലാ ശാക്തീകരണം**

**ഉപമേഖല : ഗണിതശേഷികളുടെ വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ഗണിതമേഖലകൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, Catalog വിതരണ register എന്നിവ ശാസ്ത്രീയമാക്കൽ | പ്രതിവർഷം | HM, PTA | |

**മേഖല : അഭിമുഖങ്ങൾ / സെമിനാറുകൾ**

**ഉപമേഖല : ഗണിതശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതശേഷികളുടെ പരിപോഷണം | പ്രശസ്ത ഗണിതാദ്ധ്യാപകരുമായി അഭിമുഖം നടത്തൽ, ഗണിത അദ്ധ്യാപകർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | പ്രതിവർഷം | HM,SRG, PTA | |

# ICT

**<u>ലക്ഷ്യങ്ങൾ</u>**

എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ പഠനം പഠനമികവിലേക്ക് എത്തിക്കുക

എല്ലാ കുട്ടികളും ഇംഗ്ലീഷ് മലയാളം ടൈപ്പിംഗ് പഠിക്കുന്നതിന് മുൻഗണന

അടിസ്ഥാന വിവരങ്ങൾ, നോട്ടീസ് നിർമ്മാണം, ഡിജിറ്റൽ പോസ്റ്റർ, ഡിജിറ്റൽ വെബ് പേജ് നിർമ്മാണം ജിംബ് തുങ്ങിയ പ്രവർത്തനപരിശീലനം നേടി എടുക്കൽ

**<u>പ്രവർത്തനങ്ങൾ</u>**

ഇംഗ്ലീഷ് മലയാളം ടൈപ്പിംഗ്
നോട്ടീസ് നിർമ്മാണം
പോസ്റ്റർ നിർമ്മാണം
ഡിജിറ്റൽ സ്കൂൾ പ്രോഗ്രാമിംഗ്
സ്കൂൾ വെബ് പേജ് നിർമ്മാണം.
വിഷയാടിസ്ഥാന പ്രവർത്തന ഫോൾഡർ
ഡിജിറ്റൽ ലൈബ്രററി
പ്രദർശനം

വിഷയം ICT

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലം | ചുമതല | നടപ്പാക്കൽ | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം ടൈപ്പ് ചെയ്യൽ | 8 മുതൽ 10 വരെ ക്ലാസുകൾ | ജൂൺ 2025 | ICT അധ്യാപകർ | IT ക്ലബ്ബ് | |
| നോട്ടീസ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം | എല്ലാ ക്ലസുകളും വൈറ്റർ, ജിംബ് സോഫ്റ്റ്വെയർ ഉപയോഗിച്ച് | ജൂലൈ 2025 | ICT അധ്യാപകർ | IT ക്ലബ്ബ് | |
| വെബ് പേജ് നിർമ്മാണം | എല്ലാ ക്ലാസുകളിലും | ആഗസ്റ്റ് 2025 | ICT അധ്യാപകർ | 1T ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| സ്കൂൾ ഡിജിറ്റൽ ലൈബ്രറ്റി | സ്കൂളിൽ നടക്കുന്ന പ്രോഗ്രാമുകളുടെ വീഡിയോ എടുത്ത് എഡിറ്റിംഗ് ചെയ്ത് വീഡിയോ നിർമ്മാണം ക്ലാസ് അടിസ്ഥാനം | ഒക്ടോബർ 2025 | ICT അധ്യാപകർ | IT ക്ലബ്ബ് | |
| വേഡ് കാൽക്ക് പവ്വർ പോയിന്റ് | അടിസ്ഥാന പ്രവർത്തനങ്ങളിൽ കൂടുതൽ അറിവ് നേടകും | നവംബർ 2025 | IT അധ്യാപകർ | IT കബ് | |

| | | | | | |
|---|---|---|---|---|---|
| ആനിമേഷൻ | കൂടുതൽ അറിവ് നിർമ്മാണം | ജനുവരി 2025 | ITഅധ്യാപകർ | IT ക്ലബ്ബ് | |
| പ്രവർത്തന പ്രദർശനം | കുട്ടികളുടെ പ്രവർത്തനങ്ങൾ ഡിജിറ്റൽ പോർട്ട്ഫോളിയോ പ്രദർശനം | ഫെബ്രുവരി 2025 | 1T അധ്യാപകർ | IT ക്ലബ്ബ് | |

**ആർട്ട്**

**പ്രവർത്തനം. I**

**പേര്** : **കലാ വിരുന്ന്**

**ഉപമേഖല** : **കലാ വിദ്യാഭ്യാസം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സൗന്ദര്യദർശനം, പ്രകൃതി സ്നേഹം എന്നിവ വളർത്തുന്നതിന് ചിത്രം, സംഗീതം, നൃത്തം, നാടകം എന്നീ മേഖലകളിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തുക.<br><br>കലാസൃഷ്ടി ശേഖരണം<br><br>വാദ്യോപകരണ പരിശീലനം. | ചിത്രരചന പരിശീലനം, വരച്ച മികച്ച ചിത്രങ്ങളുടെ പ്രദർശനം. കേരളീയ കലാരൂപങ്ങൾ അടുത്തറിയാൻ ഇന്റർനെറ്റിന്റെ സഹായത്തോടെ പ്രൊജക്റ്റുകളിൽ പ്രദർശനം.<br><br>വാദ്യോപകരണങ്ങളുടെ പരിശീലനം.<br><br>വിവധ വാദ്യോപകരണങ്ങളുടെയും കലാ രൂപങ്ങളുടെയും ചിത്രശേഖരണവും പതിപ്പ് നിർമ്മാണവും | അവധി ദിവസങ്ങൾ<br><br>പുറത്തു നിന്നുള്ള കലാകാരന്മാരുടെ സേവനം (വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവർ) | | |

**പ്രവർത്തനം. II**

**പേര്** : **വിവധ നിർമ്മിതികൾ**

**ഉപമേഖല** : **പ്രവർത്തിപഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കലാവാസനയെ പരിപോക്ഷിപ്പിച്ചെടുക്കൽ | തുണിയിൽ ചിത്രം വരയ്ക്കൽ, ചിത്രത്തുന്നൽ, മുത്തുകൾ കൊണ്ട് ഉണ്ടാക്കാവുന്ന ഉൽപ്പന്നങ്ങൾ, പാഴ്‌വസ്തുക്കൽ കൊണ്ടുള്ള നിർമ്മിതികൾ, പേപ്പർക്രാഫ്റ്റ്, മറ്റ് പ്രവർത്തനങ്ങൾ | അവധിക്കാലം | കലാദ്ധ്യാപകൻ, എസ്.ആർ.ജി | |

# ഭൗതികം

**പ്രവർത്തനം. I**

**പേര്　:　ചുററു മതിൽ**

**മേഖല :　ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻ വശത്തെ ചുററു മതിൽ ആകർഷകമാക്കുക. | 1 വർഷം | പി.റ്റി.എ | 10 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

**പ്രവർത്തനം. II**

**പേര്　:　കവാടം, പടിപ്പുര**

**മേഖല :　ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ, സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം, പടിപ്പുര എന്നിവ സജ്ജമാക്കൽ. | 1 വർഷം | പി.റ്റി.എ | 3 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

**പ്രവർത്തനം. III**

**പേര്　:　പുതിയ മന്ദിരം**

**മേഖല :　ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യം ഒരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലി ഹാൾ എന്ന പുതിയ മന്ദിരം മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം. | 2 വർഷം | പി.റ്റി.എ | 10 ലക്ഷം (എം.എൽ.എ ഫണ്ട്) |

**പ്രവർത്തനം. IV**

**പേര്　:　മൈതൈന നിർമ്മാണം**

**മേഖല :　ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴവൻ കുട്ടികൾക്കും വിവിധ തരം കളികളിലും മത്സരങ്ങളിലും ഏർ പ്പെടാൻ കഴിയുന്ന വിധത്തിൽ വിവിധ സൗകര്യങ്ങൾ ഒരുക്കിയുള്ള വിശാലമായ മൈതാനം നിർമ്മിക്കൽ | 2 വർഷം | പി.റ്റി.എ | 15 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

**പ്രവർത്തനം. V**

**പേര്  :  വാഹനഷെഡ്**

**മേഖല  :  ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായ വാഹന പാർക്കിംഗ് | ടോയ് ലറ്റിന്റെ സമീപത്തായി വാഹന ഷെഡ് നിർമ്മിക്കൽ | 1 വർഷം | പി.റ്റി.എ | 15 ലക്ഷം (എം.പി ഫണ്ട്) |

**പ്രവർത്തനം. VI**

**പേര്  :  സ്കൂൾ ബസ്**

**മേഖല  :  ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ യാത്രാസൗകര്യം സുഗമമാക്കുന്നതിന് | ഒരു സ്കൂൾ ബസും കൂടി ലഭ്യമാക്കൽ | 2 വർഷത്തിനുള്ളിൽ | സ്കൂൾ H.M | 15 ലക്ഷം (എം.പി ഫണ്ട്) |

**പ്രവർത്തനം. VII**

**പേര്  :  മാലിന്യ സംസ്കരണം**

**മേഖല  :  ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | പി.റ്റി.എ | 1 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

**പ്രവർത്തനം. VIII**

**പേര്  :  സൗരോർജ്ജ പാനൽ**

**മേഖല  :  ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസുകളെ ഉപയോഗപ്പെടുത്തൽ | കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.റ്റി.എ | 10 ലക്ഷം (എം.പി ഫണ്ട്) |

**പ്രവർത്തനം. IX**

**പേര് : ഓഡിറ്റോറിയം**

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്കാദമിക സാമൂഹിക പ്രവർത്തനവുമായി ബന്ധപ്പെട്ട പരിപാടികൾ നടത്തുന്നതിന് | വിവധ പരിപാടികൾ സംഘടിപ്പിച്ച് നല്ല രീതിയിൽ നടത്തുന്നതിനും ഓഡിറ്റോറിയം പണികഴിപ്പിക്കുക | 1 വർഷം | പി.റ്റി.എ | 15 ലക്ഷം (ജില്ലാ പഞ്ചായത്ത്) |

**പ്രവർത്തനം. X**

**പേര് : ബയോഗ്യാസ് പ്ലാന്റ്**

**മേഖല : ഭൗതികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.റ്റി.എ | 2 ലക്ഷം (അനെർട്ട്) |

# സാമൂഹികം

**പ്രവർത്തനം. I**

**പേര്   :   പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ**

**മേഖല  :   സാമൂഹികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പിക്കൽ | വിവധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ച ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ, ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 1 തവണ | പി.റ്റി.എ, എച്ച്.എം | 5000 /- |

**പ്രവർത്തനം. II**

**പേര്   :   പൂർവാദ്ധ്യാപക സംഗമം**

**മേഖല  :   സാമൂഹികം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പിക്കൽ | അദ്ധ്യാപകർ ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ച് ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിൽ ഒരിക്കൽ | സ്റ്റാഫ് കൗൺസിൽ | |

**പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)**

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു
- ' സ്കൂൾ സമൂഹത്തിൽ ' എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.
- കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാലയ അന്തരീക്ഷം ഒരുക്കി അവരുടെ ഭാവി പ്രകാശിതമാക്കാൻ സഹായിക്കുന്നു.

**മോണിട്ടറിംഗ് രീതി**

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി (PTA, MPTA, SRG, SSG, OSA എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം, എസ്.ആർ.ജി കൺവീനർ, പി.റ്റി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.

# അനുബന്ധം. VII

## അക്കാദമിക വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതുനുള്ള പിന്തുണ സംവിധാനങ്ങൾ

**1. സബ്ജക്ട് കൗൺസിൽ**

വിദ്യാലയ വർഷം തുടങ്ങും മുമ്പ് തന്നെ അതാതു വിഷയങ്ങളിൽ സ്കൂൾതല ആലോചനയോഗമ കൂടി വരുന്നു. നിലവാരത്തിനു പ്രാധാന്യം നൽകി ഓരോ ക്ലാസുകളിലും സൂക്ഷ്മമായ ആസൂത്രണത്തോടെ ഗവേഷണാത്മകമായ ഇടപെടലുകൾ നൽകി നൂതന രീതികളിൽ വിഷയങ്ങൾ കൈകാര്യം ചെയ്യാനുള്ള ധാരണ രൂപീകരിക്കുന്നു. കുട്ടികളുടെ വിജയശതമാനം ഉയർത്തുന്നതിനുള്ള പ്രചോതന അന്തരീക്ഷം സൃഷ്ടിക്കുന്നു.

**2. എസ്സ്.ആർ.ജി**

സമഗ്ര ഗുണമേന്മ വിദ്യാലയ വികസന ലക്ഷ്യം മുൻ നിർത്തി അതി വിപുലമായ പ്രവർത്തനങ്ങൾ ഒരുക്കുന്നു. വാർഷിക കവണ്ടർ തയ്യാറാക്കുന്നു. പൊതു സമൂഹത്തിൽ ഉണർവ്വും പ്രതീക്ഷയും നൽകുന്നതിനായി സാമൂഹിക സാംസ്കാരിക വൈജ്ഞാനിക രംഗത്തുള്ളവരുടെ പിൻതുണ നേടുന്നു. പി.ടി.എ യുടേയും പൊതു സമൂഹത്തിന്റെയും സഹായങ്ങളും നിർദ്ദേശങ്ങളും തേടുന്നു.

**3. സ്കൂൾ വികസന സമിതി**

ദേശീയ ദിനാഘോഷങ്ങൾ ജന പ്രതിനിധികളുടെയും രക്ഷിതാക്കളുടെയും നിറ സാന്നിദ്ധ്യത്തിൽ.
പ്രഥമാധ്യാപകന്റെ കാഷ്ച്ചപ്പാടും നൂതന ആശയങ്ങളും പ്രവർത്തന ശൈലിയും അധ്യാപകരുടെ നന്നദ്ധതയും വിദ്യാലയ വികസന ചിന്തകൾക്ക് മാതൃകയാവുന്ന വിധത്തിൽ പ്രവർത്തിച്ചു വരുന്നു.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, പൊതു സമൂഹം എന്നിവയുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നു.

**4. ജാഗ്രതാ സമിതി**

വിദ്യാലയത്തിന്റെ ഗുണമേന്മ എന്നത് വിവിധ പഠന വിഷയങ്ങളിലെ മികവു മാത്രമല്ല, മെച്ചപ്പെട്ട സാമൂഹ്യ ജീവിതത്തിനാവശ്യമായ സർവ്വ നൈപുണികളുടേയും, കാഴ്ചപ്പാടുകളുടേയുമ വികാസമാണ് കുട്ടിയുടെ സമഗ്ര വളർച്ച. മാനസികാരോഗ്യവും ശാരീരികാരോഗ്യവും കുട്ടികളിൽ വളർത്തിയെടുക്കാനുള്ള ഒരു ശ്രമമെന്ന നിലയിൽ ജാഗ്രതാ സമിതി പ്രവർത്തിക്കുന്നു. കൗമാരക്കാർ അനുഭവിക്കുന്ന മാനസിക ശാരീരിക പ്രവർ ത്തനങ്ങൾ കണ്ടെത്തി പരിഹരിക്കാൻ ഹെൽപ്പ് ഡസ്ക്ക് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു. ലഹരി പദാർ ത്ഥങ്ങൾക്ക് അടിമപ്പെടുന്ന കുട്ടികളെ പ്രതിരോധിക്കാനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അതു ലഭിക്കാൻ ആവശ്യമായ ഒരു സങ്കലിത സാഹചര്യം ഒരുക്കാനും ശ്രമിച്ചു വരുന്നു. കൗൺസിലിംഗ് ക്ലാസ്സുകൾ, ആരോഗ്യ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു.

**5. പി.ടി.എ, എം. പി.ടി.എ**

അധ്യാപകരുടേയും കുട്ടികളുടേയും രക്ഷിതാക്കളുടേയും പൂർണ്ണ പങ്കാളിത്തം.
കുട്ടികളുടെ പഠനവിലവാരം അഭിലഷണീയതലത്തിലെത്തിച്ച് സമൂഹത്തിന്റെ വിശ്വാസ്യത ആർജ്ജിക്കാൻ തക്ക വിധത്തിലുള്ള ഒരു കൂട്ടായ്മയിൽ പ്രവർത്തിക്കുന്നു. ഓരോ ടേമിലും പി.ടി.എ സംഘടിപ്പിച്ച് ഗുണനിലവാരം വിശകലനം നടത്തി പഠന മികവ് സാക്ഷാത്ക്കരിക്കുന്നു. പി.ടി.എ ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കുകയും എല്ലാ രക്ഷകർത്താക്കളുടേയും സാന്നിദ്ധ്യം ഉറപ്പു വരുത്തുകയും ചെയ്തു വരുന്നു. കുട്ടികളുടെ ഓരോ ഘട്ടങ്ങളിലും അവർ പ്രകടിപ്പിക്കുന്ന പ്രത്യേകതകൾ, അവരുടെ ആവശ്യങ്ങൾ എന്നിവ രക്ഷിതാക്കളോട് പങ്ക് വയ്ക്കാൻ അവസരം, ഗൃഹ സന്ദർശനങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നു.

## ഗുരുദേവാ ഹൈസ്കൂൾ, പിറവന്തൂർ

### നിലവിലെ കമ്മിറ്റി അംഗങ്ങൾ

| | | |
|---|---|---|
| പി.റ്റി.എ പ്രസിഡന്റ് | - | ശ്രീ. അജയൻ പി |
| പി.റ്റി.എ വൈസ് പ്രസിഡന്റ് | - | ശ്രീമതി. സീന |
| എം.പി.റ്റി.എ പ്രസിഡന്റ് | - | ശ്രീമതി. ഗീതു ആർ നായർ |
| എം.പി.റ്റി.എ വൈസ് പ്രസിഡന്റ് | - | ശ്രീമതി. അശ്വതി ടി |

### പി.റ്റി.എ എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ

- ശ്രീമതി. ലതികമോൾ ബി
- ശ്രീമതി. ഉമാറാണി യു
- ശ്രീമതി. സുമി വി
- ശ്രീമതി. സിനിരാജ്
- ശ്രീമതി. രജനി വി വി
- ശ്രീമതി. ബിന്ദു എസ് ആർ
- ശ്രീമതി. താര ആർ
- ശ്രീമതി. ആശ എസ്
- ശ്രീമതി. അനീഷ എസ്
- ശ്രീമതി. ഷീബ ജെ
- ശ്രീമതി. ലിനു ഭാനു
- ശ്രീമതി. പ്രമീള പി
- ശ്രീ. സുരേഷ് ആർ

## XI. **ഉപസംഹാരം**

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സന്തുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.